15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 388 — 13-03-2023 - ൽ മറുപടിയ്ക്ക്

## പട്ടികവിഭാഗ കോളനികളും ഊരുകളും മൈക്രോ ബിസിനസ് ഹബ്ബുകളാക്കി വികസിപ്പിക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. എ. രാജ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നവകേരള നിർമ്മിതിയിൽ അർഹമായ പരിഗണന ലഭിക്കും വിധം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്രമായ സാമൂഹിക, സാമ്പത്തിക വിവരം ശേഖരിച്ച് അപ്ഡേറ്റ് ചെയ്യാൻ കഴിയുന്ന തരത്തിൽ ഒരു ഡാറ്റാ ബേസ് സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്.<br><br>പട്ടികവർഗ്ഗ ജനതയുടെ സമഗ്ര വികസനം ഉദ്ദേശിച്ചുകൊണ്ട് മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. പിന്നോക്കം നിൽക്കുന്ന ഊരുകളിലെ എല്ലാ മേഖലകളിലും ആവശ്യാധിഷ്ഠിത വികസനം സാധ്യമാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഓരോ ഊരുകളുടെയും ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മതല ആസൂത്രണം മുഖേന പദ്ധതികൾ രൂപീകരിച്ച് വികസനം സാധ്യമാക്കുന്നതാണ് പദ്ധതി. ഇപ്രകാരം തയ്യാറാക്കുന്ന അപ്ഡേറ്റ് ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സാധിക്കുന്നതു വഴി അർഹരായ എല്ലാ പട്ടികവർഗക്കാർക്കും പരിഗണന ലഭിക്കുന്നതാണ്.<br><br>പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക വികസനത്തിനായുള്ള സമഗ്ര സർവ്വേ നടത്തി ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യുവാനാണ് ഡിജിറ്റൽ സർവ്വേയിലൂടെ ഉദ്ദേശിക്കുന്നത്.<br><br>ഡിജിറ്റൽ സർവ്വേയിൽ താഴെത്തട്ടുമുതൽ റിപ്പോർട്ടുകളും അനുബന്ധ വിവരങ്ങളും ലഭ്യമാവുന്ന രീതിയിലാണ് ഇതിലേക്കായുള്ള സോഫ്റ്റ്വെയർ രൂപകല്പന ചെയ്യുന്നത്. എസ്.സി. പ്രൊമോട്ടർമാർക്ക് വിവര ശേഖരണത്തിനായി പരിശീലനം നൽകിക്കഴിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) | പ്രവർത്തനക്ഷമമല്ലാത്തതും കയ്യൊഴിയാൻ ഉദ്ദേശിക്കുന്നതുമായ എസ്റ്റേറ്റുകൾ, മറ്റ് ഭൂമികൾ എന്നിവ ഏറ്റെടുത്ത് കൂട്ടുടമസ്ഥതയിൽ സൊസൈറ്റികൾ രൂപീകരിച്ച് അവയ്ക്ക് ആവശ്യമായ പ്രവർത്തന മൂലധനം നൽകി പ്രസ്തുത വിഭാഗങ്ങളുടെ ഭൂമിയുടെയും ജീവനോപാധികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | **സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളതുമായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ആദിവാസി പുനരധിവാസ വികസന മിഷൻ പ്രവർത്തിച്ചുവരുന്നു.**<br><br>**ഇതു കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും മികച്ച മാനേജ്മെന്റ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനായി കേരള എംപവർമെന്റ് സൊസൈറ്റി എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.** |
| (സി) | കോളനികളും ഊരുകളും മൈക്രോ ബിസിനസ് ഹബ്ബുകളാക്കി വികസിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കുമോ; | (സി) | **പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും മികച്ച മാനേജ്മെന്റ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനായി കേരള എംപവർമെന്റ് സൊസൈറ്റി എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവതീ യുവാക്കൾക്കിടയിൽ തൊഴിലവസരങ്ങളും വരുമാനവും സ്വാശ്രയബോധവും സൃഷ്ടിക്കുന്നതിനും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരായും തൊഴിൽദാതാക്കളായും സജ്ജരാക്കുക എന്നതാണ് എംപവർമെന്റ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം.** |
| (ഡി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനതായ അറിവുകളെയും കഴിവുകളെയും അനുയോജ്യമായ ഉല്പന്നങ്ങളും സേവനങ്ങളുമാക്കി മാർക്കറ്റ് ചെയ്യാൻ പദ്ധതികൾ തയ്യാറാക്കുമോ? | (ഡി) | **പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനതായ അറിവുകളെയും കഴിവുകളെയും അനുയോജ്യമായ ഉല്പന്നങ്ങളും സേവനങ്ങളുമാക്കി മാർക്കറ്റ് ചെയ്യുന്നതിനു വേണ്ടി നൂതന വിപണന സാധ്യതകളായ ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകളെ പ്രയോജനപ്പെടുത്തുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.**<br><br>**പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റിയുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭ്യമാകുകയും എക്സ്പോർട്ട് ലൈസൻസിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനതായ അറിവുകളെയും കലാപരമായ കഴിവുകളെയും** |

| | | | |
|---|---|---|---|
| | | | പരിപോഷിപ്പിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കലാമേളകൾ, വിവിധ ദിനാചരണങ്ങൾ എന്നീ അവസരങ്ങളിൽ പട്ടികവിഭാഗക്കാരുടെ പാരമ്പര്യകലകൾ, ഉൽപ്പന്നങ്ങൾ എന്നിവ പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യവൈദ്യം പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും കിർത്താഡ്സ് വഴി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ